LIBRARY ARCHIVES Kerala Legislative Assembly

## പ്രൊഫഷണൽ ടാക്സിന്റെയും പ്രോപ്പർട്ടി ടാക്സിന്റെയും പലിശയും പിഴപ്പലിശയും

60 [4314] ശ്രീ. എ. പി. അനിൽകുമാർ :

,, ജി. കാർത്തികേയൻ :

,, എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രൊഫഷണൽ ടാക്സിന്റെയും പ്രോപ്പർട്ടി ടാക്സിന്റെയും പലിശയും പിഴപ്പലിശയും ഈടാക്കുന്നതു സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) രണ്ട് അർദ്ധവർഷങ്ങളായി പിരിക്കുന്ന ഈ ടാക്സിന്റെ ആദ്യ അർദ്ധവർഷം ടാക്സ് അടയ്ക്കാതെ രണ്ടാമത്തെ അർദ്ധ വർഷം അടയ്ക്കുന്നപക്ഷം പലിശയും പിഴപ്പലിശയും നൽകേണ്ടതുണ്ടോ;

(ഡി) ഈ ടാക്സുകൾക്ക് പലിശയും പിഴപ്പലിശയും അടയ്ക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്താണ്;

(ഇ) അവ സംബന്ധിച്ച് വ്യാപകമായ പ്രചരണം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 538 (2) പ്രകാരവും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 209- ഉ പ്രകാരവും പ്രൊഫഷണൽ ടാക്സിന്റെയും പ്രോപ്പർട്ടി ടാക്സിന്റെയും പിഴപ്പലിശ ഈടാക്കുന്നത് സംബന്ധിച്ച് വ്യവസ്ഥയുണ്ട്. കൂടാതെ 24-8-2000-ലെ 51457/എൻ1/ത.സ്വ.ഭ.വ. സർക്കുലർ മുഖേനയും വിവിധയിനം നികുതികൾക്ക് പിഴപ്പലിശ ഈടാക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ പ്രോപ്പർട്ടി ടാക്സ് വളരെയധികം കുടിശ്ശികയായതിനാൽ ആയത് പിരിച്ചെടുക്കുന്നതിന് വേണ്ടി സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 2007-08 ഒന്നാം അർദ്ധവർഷം കുടിശ്ശികയുള്ള കെട്ടിട നികുതി (വസ്തു നികുതി) കേരള പഞ്ചായത്ത് രാജ് നിയമം 207 (2), കേരള മുനിസിപ്പാലിറ്റി നിയമം 280 (2) എന്നീ വകുപ്പുകളിലെ അധികാരം വിനിയോഗിച്ച് 31-1-2008 വരെ പിഴപ്പലിശ ഒഴിവാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒടുക്കുന്നതിന് സർക്കാർ ഉത്തരവ് (എം എസ്.) 288/07/ത.സ്വ.ഭ.വ. തീയതി 21-12-2007 പ്രകാരം ഉത്തരവ് നൽകിയിരുന്നു. പ്രസ്തുത സമയപരിധി 31-1-2008-ലെ സർക്കാർ

ഉത്തരവ് (എംഎസ്.) 32/2008/ത.സ്വ.ഭ.വ. പ്രകാരം 28-2-2008 വരെയും 1-3-2008-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 53/2008/ത.സ്വ.ഭ.വ. പ്രകാരം 31-3-2008 വരെയും ദീർഘിപ്പിച്ചു നൽകിയിരുന്നു.

(സി) പിഴപ്പലിശ നൽകേണ്ടതാണ്.

(ഡി) കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 538 (2)-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമാണ് പിഴപ്പലിശ ഈടാക്കുന്നത്. കേരള പഞ്ചായത്ത് രാജ് നിയമം 209 (ഇ) പ്രകാരവും അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ബൈലാകളിലെയോ വ്യവസ്ഥകൾക്ക് കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക, അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള പിഴ സഹിതം വസൂലാക്കേണ്ടതാണ്.

(ഇ) സംസ്ഥാനത്തെ നഗരസഭകൾ നോട്ടീസുകൾ, പത്രക്കുറിപ്പ്, വാഹന പ്രചാരണം, സിനിമാ തീയേറ്റർ സ്ലൈഡുകൾ എന്നിവ മുഖാന്തിരം നികുതികൾ യഥാസമയം ഒടുക്കേണ്ടതിനെ സംബന്ധിച്ച് കുടിശ്ശിക വരുത്തിയാൽ പിഴപ്പലിശ ഒടുക്കേണ്ടിവരുന്നത് സംബന്ധിച്ചും പരസ്യം ചെയ്യാറുണ്ട്. ഇത് സംബന്ധിച്ചും ഗ്രാമപഞ്ചായത്തുകളും മതിയായ പ്രചാരണം നൽകി വരുന്നുണ്ട്.

## ബി. പി. എൽ. ലിസ്റ്റിന്റെ അപാകത പരിഹരിക്കാൻ ഉന്നതതല സമിതി

61 [4315] ശ്രീ. വി. ഡി. സതീശൻ :
,, എ. പി. അനിൽകുമാർ :
,, കെ. ബാബു :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ ദാരിദ്ര്യരേഖാ പട്ടികയിൽ വൻ ക്രമക്കേട് നടന്നതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പട്ടിക തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വ്യക്തമായ മാനദണ്ഡം നൽകിയിരുന്നോ;

(സി) ഇത്തരം ക്രമക്കേടുകൾ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ ഉന്നതതല സമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) പട്ടിക തയ്യാറാക്കുന്നതിൽ ക്രമക്കേടുകൾ വരുത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly